പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

07.01.2014 – ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 540

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

**ഉത്തരം**

ശ്രീ.കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | | ഉത്തരം |
|---|---|---|
| 2013 ഏപ്രിൽ മാസം മുതൽ സർവ്വീസിൽ പ്രവേശിച്ച എത്ര പേർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിരുന്നത് എന്ന് വ്യക്തമാക്കാമോ; ഇവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതമായി എന്ത് തുക വീതം പിടിക്കുന്നുവെന്നും, എന്ത് തുക ആകെ ലഭിച്ചിരിക്കുന്നുവെന്നും വ്യക്തമാക്കാമോ ; പ്രസ്തുത ജീവനക്കാരുടെ പെൻഷനുവേണ്ടി സർക്കാർ നിക്ഷേപിക്കേണ്ട തുക പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിനുവേണ്ടി അധികമായി ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ? | : | 2013 ഏപ്രിൽ 1 മുതൽ സംസ്ഥാന സർവ്വീസിൽ ജോലിയിൽ പ്രവേശിച്ച എല്ലാപേർക്കും 07.01.2013 ലെ സ.ഉ.(പി) നം. 20/13/ധന പ്രകാരം ദേശീയ പെൻഷൻ പദ്ധതി ബാധകമാണ്. 01.04.2013 ന ശേഷം ഏകദേശം പതിനായിരത്തോളം ജീവനക്കാരാണ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളത്. ഇതിൽ പങ്കാളിത്ത പെൻഷനിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്യുന്നതിനും തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

Bayaran

സെക്ഷൻ ഓഫീസർ